സംഘടന

കെ.പി അബ്ദുർറഹ്മാൻ

# കേരളത്തിലെ ഇസ്ലാഹീ സംഘടന

**കൊടുങ്ങല്ലൂരിലെ** മുസ്ലിംകൾ താരതമ്യേന അഭ്യസ്തവിദ്യരും ഉദാരമതികളുമായിരുന്നു. എന്നാൽ ഗോത്രകലഹം ഒരു ശാപമെന്നോണം അവർക്കിടയിൽ വളർന്നു. ഈ വഴക്കും വക്കാണവും അവസാനിപ്പിച്ച് പ്രദേശത്തെ മുസ്ലിംകളെ രമ്യതയിലെത്തിക്കാൻ അക്കാലത്ത് കൊടുങ്ങല്ലൂരിൽ താമസിച്ചിരുന്ന ശൈഖ് മാഹിൻ ഹമദാനി ശ്രമിച്ചുവരികയായിരുന്നു. അതിനിടെയാണ് 1921-ലെ കുപ്രസിദ്ധമായ മലബാർ കലാപമുണ്ടായത്. കലാപബാധിത പ്രദേശങ്ങളിൽനിന്ന് കുടിയൊഴിഞ്ഞുപോയ മുസ്ലിംകളിൽ ഒട്ടേറെ പേർ കൊടുങ്ങല്ലൂരിലാണ് അഭയം തേടിയത്. അഭയാർഥികളായെത്തിയ മുസ്ലിംസഹോദരങ്ങളെ കൊടുങ്ങല്ലൂരിലെ ധനിക കുടുംബങ്ങൾ സ്വന്തം വീട്ടിലും പറമ്പിലുമായി പുനരധിവസിപ്പിച്ചു. കലാപക്കെടുതിയിൽ സമുദായം വിഷമിച്ചുനിൽക്കെ പ്രദേശത്തെ രണ്ടു പ്രബല ഗോത്രങ്ങൾക്കിടയിൽ വീണ്ടും കക്ഷിവഴക്ക് തലപൊക്കി. ഈ കുടുംബവഴക്ക് അവസാനിപ്പിക്കുന്നതിനുവേണ്ടി പണ്ഡിത പ്രമുഖന്മാർ രംഗത്തുവന്നു.

ഇരുപതാം ശതകത്തിന്റെ ആദ്യപാദത്തിൽ മുസ്ലിം പണ്ഡിതന്മാരുടെ സജീവ സാന്നിധ്യത്താൽ അനുഗൃഹീതമായിരുന്നു കൊടുങ്ങല്ലൂർ. പ്രദേശത്തുകാരുടെ ആവശ്യം പരിഗണിച്ച് മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി തന്റെ അരുമ ശിഷ്യനായിരുന്ന ഇ.കെ മൗലവിയെ കൊടുങ്ങല്ലൂരിലേക്ക് നിയോഗിച്ചു. 1921 ആഗസ്റ്റ് 20-ന് കൊടുങ്ങല്ലൂരിൽ നടന്ന ഖിലാഫത്ത് സമ്മേളനത്തിൽ പങ്കെടുക്കാൻ മലബാറിൽനിന്ന് കട്ടിലശ്ശേരി എം.വി മുഹമ്മദ് മൗലവിയും എം.സി.സി അബ്ദുർറഹ്മാൻ മൗലവിയും പോയിരുന്നു. പിറ്റേന്നാൾ മലബാറിൽ കലാപമാരംഭിച്ചപ്പോൾ കട്ടിലശ്ശേരി മൗലവി തിരിച്ചുപോന്നു. എം.സി.സി അവിടെ തങ്ങുകയും ചെയ്തു.

1922-ൽ പുളിക്കൽ ഒളിവിൽ കഴിയുകയായിരുന്ന കെ.എം മൗലവിക്ക് സ്യാലൻ കൂടിയായ എം.സി.സി കത്തെഴുതി. 'എല്ലാ കാര്യവും അല്ലാഹുവിൽ ഭരമേൽപിച്ച് ഉടനെ കൊടുങ്ങല്ലൂരിലെത്തണമെന്നും നാട്ടു രാജഭരണമാകയാൽ ബ്രിട്ടീഷുകാരുടെ ഉപദ്രവം ഭയപ്പെടേണ്ടതില്ലെന്നുമായിരുന്നു കത്തിലെ നിർദേശം. അതനുസരിച്ച് മലബാറിൽനിന്ന് ഒളിച്ചോടിയ കെ.എം മൗലവിയും കൊടുങ്ങല്ലൂരിലുണ്ടായിരുന്നു. ഈ പണ്ഡിതപ്രമുഖരും നാട്ടിലെ പൗരമുഖ്യന്മാരും മുസ്ലിംകൾക്കിടയിലെ ഐക്യത്തിനുള്ള മാർഗമാരാഞ്ഞു. അങ്ങനെ 1922-ൽ എറിയാട്ട് ശൈഖ് ഹമദാനിയുടെ അധ്യക്ഷതയിൽ ഒരു മുസ്ലിം മഹാസമ്മേളനം നടന്നു. മുസ്ലിംകൾക്കിടയിലെ ഭിന്നിപ്പ് പറഞ്ഞുതീർക്കുക, ഗോത്രകലഹങ്ങളിൽ നിഷ്പക്ഷ നിലപാട് സ്വീകരിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്കുവേണ്ടി 'നിഷ്പക്ഷ സംഘം' എന്ന പേരിൽ ഒരു വേദിയുണ്ടാക്കാൻ പ്രസ്തുത സമ്മേളനം തീരുമാനിച്ചു. പ്രസ്തുത സംഘത്തിന്റെ ഭാരവാഹികളായി 11 പേരാണുണ്ടായിരുന്നത്.

കൊടുങ്ങല്ലൂരിലെ ഗോത്രകലഹത്തിന് അറുതിവരുത്താൻ പ്രസ്തുത സംഘത്തിന് കഴിഞ്ഞില്ല. അതേസമയം, സംഘടനയുടെ അംഗബലം വർധിക്കുകയും സമീപ പ്രദേശങ്ങളിൽ കൂടി സമാനസ്വഭാവത്തിലുള്ള ശാഖകൾ രൂപവൽക്കരിക്കപ്പെടുകയും ചെയ്തു. അധികം താമസിയാതെ എറിയാട്ട് കൂടിയ സംഘത്തിന്റെ പൊതുയോഗം, ഇതൊരു താൽക്കാലിക സംവിധാനമായാൽ പോരെന്നും കേരളാടിസ്ഥാനത്തിൽ പ്രവർത്തനം വ്യാപിപ്പിക്കണമെന്നും വിലയിരുത്തി. ആ യോഗത്തിൽ വെച്ച് നിഷ്പക്ഷ സംഘം കേരളാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 'കേരള മുസ്ലിം ഐക്യ സംഘ'മായി മാറി.

ഐക്യസംഘത്തിന്റെ പ്രഥമ വാർഷിക സമ്മേളനം 1923-ൽ എറിയാട്ടു വച്ച് നടന്നു. വക്കം അബ്ദുൽഖാദിർ മൗലവിയായിരുന്നു അധ്യക്ഷൻ. നേരത്തെ തന്നെ 'വഹാബി'യായി മുദ്രകുത്തപ്പെട്ട വക്കം മൗലവിയുടെ സാന്നിധ്യം യാഥാസ്ഥിതികരെ പ്രകോപിതരാക്കി. സംഘത്തിനെതിരെ പൗരോഹിത്യം ശക്തമായ എതിർ പ്രചാരവേലകൾ നടത്തിയിരുന്നു. കേരളത്തിലെ അനേകം മുസ്ലിം പൗരപ്രമുഖർ സംബന്ധിച്ച ആ സമ്മേളനത്തിൽവെച്ച് കൊടികുത്ത്, ചന്ദനക്കുടം മുതലായ അനാചാരങ്ങൾ നിഷിദ്ധമാണെന്നുള്ള ഒരു പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി. കുറഞ്ഞ കാലത്തിനുള്ളിൽ സംഘം മലയാളത്തിൽ പി.കെ മുഹമ്മദുണ്ണി സാഹിബിന്റെ പത്രാധിപത്യത്തിൽ 'മുസ്ലിം ഐക്യം', ഇ.കെ മൗലവി

എഡിറ്ററായി അറബി മലയാളത്തിൽ 'അൽ ഇർശാദ്' എന്നീ മാസികകൾ ആരംഭിച്ചു.

1924-ൽ ആലുവയിൽ നടന്ന ഐക്യസംഘത്തിന്റെ രണ്ടാം വാർഷിക സമ്മേളനം ഏറെ ശ്രദ്ധേയമായിരുന്നു. യാഥാസ്ഥിതിക പണ്ഡിതന്മാരിൽനിന്ന് എതിർപ്പുകളുയർന്ന പശ്ചാത്തലത്തിൽ കേരള മുസ്‌ലിംകൾക്കിടയിൽ പൊതുസമ്മതനായ ഒരു പണ്ഡിതന്റെ നേതൃത്വത്തിൽ സമ്മേളനം നടത്താൻ ഐക്യസംഘം തീരുമാനിക്കുകയും തദടിസ്ഥാനത്തിൽ കേരളത്തിലെ അനേകം പണ്ഡിതന്മാരുടെ ഗുരുനാഥനും വേലൂർ ബാഖിയാത്തുസ്സാലിഹാത്ത് അറബിക്കോളേജ് പ്രിൻസിപ്പലുമായിരുന്ന ശൈഖ് അബ്ദുൽ ജബ്ബാർ ഹസ്രത്തിനെ ക്ഷണിക്കുകയും ചെയ്തു. ഐക്യസംഘത്തിന്റെ പ്രവർത്തന പരിപാടികൾ വിശദീകരിച്ചുകൊണ്ട് ഹസ്രത്തിനെഴുതിയ കത്തിൽ പ്രസ്തുത സമ്മേളനത്തിൽ കേരളത്തിലെ ഉലമാക്കളുടെ ഒരു യോഗം വിളിച്ചുകൂട്ടുന്നതാണെന്ന് അറിയിച്ചിരുന്നു. അങ്ങനെ 1924 മെയ് 10, 11, 12 തീയതികളിൽ ആലുവയിൽവെച്ച് ഐക്യസംഘത്തിന്റെ ദ്വിതീയ വാർഷികവും ഉലമാ കോൺഫറൻസും നടന്നു. ഇ.കെ മൗലവി, മണപ്പാട്ട് കുഞ്ഞിമുഹമ്മദ് ഹാജി, ടി.കെ മുഹമ്മദ് മൗലവി എന്നിവർ കേരളത്തിലുടനീളമുള്ള പ്രാമാണികരായ പണ്ഡിതന്മാരെയെല്ലാം പരിപാടിക്ക് ക്ഷണിച്ചിരുന്നു. മിക്കവരും യോഗത്തിൽ സംബന്ധിക്കുകയും ചെയ്തു.

ഐക്യസംഘം രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടാത്ത ഒരു സംഘടനയായിരുന്നു. ദേശീയ പ്രസ്ഥാനവുമായി ബന്ധമുള്ള പലരും അതിൽ പ്രവർത്തിച്ചിരുന്നെങ്കിലും രാഷ്ട്രീയ പ്രശ്നങ്ങൾ കൈയാളിയാൽ സമുദ്ധാരണപ്രവർത്തനങ്ങളെ അത് പ്രതികൂലമായി ബാധിക്കും എന്നായിരുന്നു അവരിൽ പലരുടെയും അഭിപ്രായം. എന്നാൽ ഐക്യസംഘത്തിന്റെ രാഷ്ട്രീയമുക്തമായ പ്രവർത്തന രീതി മാറ്റണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് സമ്മേളനത്തിൽ ഒരു പ്രമേയം കൊണ്ടുവന്നു. അതോടെ സമ്മേളനപ്രതിനിധികൾ രണ്ടു ചേരിയായി തിരിഞ്ഞു. പ്രമേയം പിൻവലിക്കാനുള്ള ആവശ്യം അബ്ദുർറഹ്മാൻ സാഹിബ് ചെവിക്കൊണ്ടില്ല. ഒടുവിൽ നേരിയ ഭൂരിപക്ഷത്തിന് പ്രമേയം തള്ളപ്പെടുകയായിരുന്നു.

വേലൂർ ബാഖിയത്തിലെ അധ്യാപകൻ മൗലാനാ അബ്ദുർറഹീം ഹസ്രത്തിന്റെ അധ്യക്ഷതയിലായിരുന്നു ഉലമാ സമ്മേളനം. "നന്മ ഉപദേശിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്ന ഒരു സംഘമുണ്ടായിരിക്കൽ ഫർദു കിഫായ(സാമൂഹികബാധ്യത)യാണ്. അതുകൊണ്ട് കേരളത്തിലെ ഉലമാക്കളുടെ ഒരു സംഘടനയുണ്ടായിരിക്കണ"മെന്ന് ആഹ്വാനം ചെയ്തുകൊണ്ടുള്ള പ്രമേയം ഇ. മൊയ്തു മൗലവി അവതരിപ്പിച്ചു. ദീർഘനേരത്തെ ചർച്ചക്കു ശേഷം വൈകീട്ട് ശൈഖ് അബ്ദുൽ ജബ്ബാർ ഹസ്രത്തിന്റെ അധ്യക്ഷതയിൽ യോഗം ചേർന്ന് 'കേരള ജംഇയ്യത്തുൽ ഉലമാ' എന്ന പേരിൽ ഒരു പണ്ഡിത സംഘടന രൂപവൽക്കരിച്ചുകൊണ്ടുള്ള പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി. വക്കം എം. അബ്ദുൽ ഖാദിർ മൗലവി പ്രസിഡന്റും സി. അബ്ദുല്ലക്കോയ തങ്ങൾ, കെ.കെ മുഹമ്മദ് കുട്ടി മൗലവി എന്നിവർ വൈസ് പ്രസിഡന്റുമാരുമായി തെരഞ്ഞെടുക്കപ്പെട്ടു. സി.കെ മൊയ്തീൻകുട്ടി മൗലവിയായിരുന്നു സെക്രട്ടറി. ജോ. സെക്രട്ടറി ഇ.കെ മൗലവിയും.

വേറിട്ടുകിടക്കുന്ന ആലിമുകൾക്കിടയിൽ ഐക്യമുണ്ടാക്കുക, മുസ്‌ലിംകൾക്കിടയിലെ വഴക്കുകൾ അവരുടെ വക മാധ്യസ്ഥ്യ സമിതികൾ രൂപവൽക്കരിച്ച് അതിൽവെച്ചു തീരുമാനമെടുക്കുക, ഫത്‌വാ ബോർഡ് ഏർപ്പെടുത്തുക, മുസ്‌ലിംകളുടെ യഥാർഥ മതവിശ്വാസങ്ങൾ ഉറപ്പിക്കുക, മതവിരുദ്ധങ്ങളും ആപൽക്കരങ്ങളുമായ ദുരാചാരങ്ങളെ ദൂരീകരിക്കുക, ഇസ്‌ലാം മത പ്രചാരണത്തിനായി ഉചിതമായ പ്രവർത്തനം നടത്തുക എന്നീ പഞ്ച ലക്ഷ്യങ്ങളായിരുന്നു ജംഇയ്യത്തുൽ ഉലമാക്കുണ്ടായിരുന്നത്.

ഐക്യസംഘത്തിന്റെ മൂന്നാം വാർഷികം 1925-ൽ കോഴിക്കോട്ടു ചേർന്നു. മഹ്മൂദ് ശേറൂൽ സാഹിബ് (കാസർകോട്) ആയിരുന്നു അധ്യക്ഷൻ. തുടർന്ന് യാഥാസ്ഥിതിക പണ്ഡിതന്മാർ ഉന്നയിച്ച സംശയങ്ങൾക്ക് ഇ.കെ മൗലവി മറുപടി നൽകി. ഇതേതുടർന്ന്, പിന്നീട് സമസ്തകേരള ജംഇയത്തുൽ ഉലമായുടെ പ്രസിഡന്റായിത്തീർന്ന പാങ്ങിൽ അഹ്മദ്കുട്ടി മുസ്‌ലിയാർ ഈ സംഘം അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ അടസ്ഥാനത്തിലുള്ള സംഘമാണെന്ന് പ്രഖ്യാപിക്കുകയും ഈ സംഘത്തെ ലോകാവസാനം വരെ നിലനിർത്തണമേ എന്ന് അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്ത സംഭവം ഇ.കെ മൗലവി അനുസ്മരിച്ചിട്ടുണ്ട്.

1926 മെയ് 15, 16 തീയതികളിലെ തലശ്ശേരിയിൽ നടന്ന നാലാം വാർഷിക സമ്മേളനത്തിൽ പ്രശസ്ത യൂറോപ്യൻ നവമുസ്‌ലിം പണ്ഡിതനും സാഹിത്യകാരനുമായിരുന്ന മുഹമ്മദ് മർമഡ്യൂക് പിക്താൾ ആയിരുന്നു അധ്യക്ഷൻ. സമ്മേളനത്തോടനുബന്ധിച്ച് സമസ്ത കേരള യുവജന കോൺഫറൻസ്, സമസ്ത കേരള വിദ്യാഭ്യാസ കോൺഫറൻസ് എന്നിവ നടക്കുകയുണ്ടായി. വിദ്യാഭ്യാസ കോൺഫറൻസ് അംഗീകരിച്ച ചില നിർദേശങ്ങൾ കാണുക:

1. പ്രാഥമിക വിദ്യാഭ്യാസം. മുസ്‌ലിംകൾ താമസിക്കുന്ന എല്ലാ മഹല്ലുകളിലും ഇസ്‌ലാമികമായ നിലയിൽ പ്രാഥമിക വിദ്യാഭ്യാസം നടപ്പിൽ വരുത്തുക.

2. പള്ളി ദർസുകൾ പരിഷ്കരി

ക്കുക. അതായത്, പള്ളികളിൽ കുട്ടികളെ ചേർക്കുന്നതിനും, വിട്ടയക്കുന്നതിനും ചില നിബന്ധനകൾ ഉണ്ടാവണം. വേലൂർ ബാഖിയാത്തുസ്സാലിഹാത്തിലെ പരിഷ്കരിക്കപ്പെട്ട പാഠ്യപദ്ധതി നടപ്പിൽവരുത്തുക എന്നിവയാണ് തൽക്കാലം ചെയ്യേണ്ടത്.

3. ഒരു സമുദായഫണ്ട് ശേഖരിക്കുക. ഏതൊരു കാര്യവും ധനം കൂടാതെ സാധിക്കുകയില്ല. ധനമുണ്ടെങ്കിൽ എന്തും സാധിക്കാം. അതുകൊണ്ട് പ്രഥമവും പ്രധാനവുമായി ഒരു ഫണ്ടുണ്ടാക്കുന്ന കാര്യത്തിലാണ് ശ്രദ്ധിക്കേണ്ടത്.

സംഘത്തിന്റെ അഞ്ചാം വാർഷിക സമ്മേളനം മൗലവി മുഹമ്മദലി എം.എ ഖസൂരിയുടെ അധ്യക്ഷതയിൽ കണ്ണൂരിൽ വെച്ചും ആറാം വാർഷിക സമ്മേളനം ഡോ. അബ്ദുൽഹഖി(മദ്രാസ്)ന്റെ അധ്യക്ഷതയിൽ 1928-ൽ തിരൂരിൽവെച്ചും ചേർന്നു. ഈ യോഗത്തിൽ വക്കം അബ്ദുൽഖാദിർ മൗലവിയും കെ.പി.എ മൊയ്തീൻകുട്ടി മൗലവി(പറവണ്ണ)യും സംബന്ധിച്ചിരുന്നു. ഏഴാം വാർഷികയോഗം 1929-ൽ എറണാകുളത്തുവെച്ച് മൊയ്തുസാഹിബിന്റെ അധ്യക്ഷതയിലും എട്ടാം വാർഷികയോഗം 1930-ൽ തിരുവനന്തപുരത്ത് ക്യാപ്റ്റൻ അബ്ദുൽഹമീദ് ഖാന്റെ അധ്യക്ഷതയിലും ഒമ്പതാം വാർഷിക സമ്മേളനം 1931-ൽ മലപ്പുറം മുസ്‌ലിം ഹൈസ്കൂളിൽ സെഷൻസ് ജഡ്ജി മീർ സൈനുദ്ദീൻ സാഹിബിന്റെ അധ്യക്ഷതയിലും പത്താം വാർഷിക സമ്മേളനം 1932-ൽ കാസർകോടുവെച്ച് സയ്യിദ് അബ്ദുൽ വഹാബ് ബുഖാരി സാഹിബിന്റെ അധ്യക്ഷതയിലും 11-ാം വാർഷിക സമ്മേളനം ബി. പോക്കർ സാഹിബിന്റെ അധ്യക്ഷതയിൽ ഏറിയാട് വെച്ചും ചേരുകയുണ്ടായി. ഇതോടനുബന്ധിച്ച് എ.എം.ഐ യു.പി സ്കൂളിൽ ഒരു കാർഷിക-വിദ്യാഭ്യാസ-വ്യവസായ പ്രദർശനവും സംഘടിപ്പിച്ചിരുന്നു. സമ്മേളനം മുസ്‌ലിം കേരളത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റി. രണ്ടാം ദിവസത്തെ സമ്മേളനം അവസാനിക്കുന്നതിനു മുമ്പ് രാജ്യദ്രോഹ കുറ്റം ചുമത്തി തടവിലിട്ടിരുന്ന കെ.എം മൗലവിയെ ഭരണകൂടം വിട്ടയച്ച വാർത്ത ലഭിച്ചു. തുടർന്ന് ഇസ്‌ലാഹീ പ്രവർത്തനം സജീവമാക്കാൻ അദ്ദേഹത്തെ മലബാറിലേക്ക് അയക്കണമെന്ന ആവശ്യം യോഗം അംഗീകരിച്ചു.

ഐക്യസംഘത്തിന്റെ പന്ത്രണ്ടാമത്തേതും അവസാനത്തേതുമായ വാർഷിക സമ്മേളനം 1934-ൽ അബ്ദുൽ ഹമീദ്ഖാന്റെ അധ്യക്ഷതയിൽ കണ്ണൂർ അറക്കൽ കെട്ടിനകത്തുവെച്ചു നടന്നു. 1931-ൽ സ്ഥാപിതമായ കേരള മുസ്‌ലിം മജ്‌ലിസിന്റെ സമ്മേളനവും അതോടനുബന്ധിച്ചു നടന്നു. ഐക്യസംഘവും മുസ്‌ലിം മജ്‌ലിസും ഒരേ ആശയഗതിക്കാരായതിനാൽ ഇനി ഐക്യസംഘം നിലനിർത്തേണ്ടതില്ലെന്നും എല്ലാവരും ഒത്തുചേർന്ന് കേരള മുസ്‌ലിം മജ്‌ലിസിൽ പ്രവർത്തിച്ചാൽ മതിയെന്നും ആ യോഗം ഐകകണ്ഠ്യേന തീരുമാനിച്ചു. അങ്ങനെ കേരള മുസ്‌ലിം ഐക്യസംഘം കേരള മുസ്‌ലിം മജ്‌ലിസിൽ ലയിച്ചു. ഐക്യസംഘത്തിന്റെ വഖ്ഫ് സ്വത്തുക്കൾ പിൽക്കാലത്ത് ഫാറൂഖ് കോളേജിന് നൽകി.

**ഐക്യസംഘത്തിന്റെ പ്രവർത്തനങ്ങൾ**

ജാഹിലിയ്യാ പരിതഃസ്ഥിതിയിൽ കഴിഞ്ഞിരുന്ന കേരള മുസ്‌ലിംകൾക്ക് പുതിയൊരു ദിശാബോധം നൽകാൻ മുസ്‌ലിം ഐക്യസംഘത്തിനു കഴിഞ്ഞു. പൗരോഹിത്യത്തിന്റെ നുകക്കീഴിൽ അന്ധവിശ്വാസാനാചാരങ്ങളുമായി ജീവിതം തള്ളിനീക്കിയ മുസ്‌ലിം ജനവിഭാഗത്തെ അതിൽനിന്ന് മോചിപ്പിക്കാനും ഇസ്‌ലാമിന്റെ യഥാർഥ മുഖം അവർക്കു മുമ്പിൽ അവതരിപ്പിക്കാനും ഐക്യസംഘം ശ്രമിച്ചു. അതിൽ ഏറെക്കുറെ വിജയിക്കുകയും ചെയ്തു. വർഷം തോറും കേരളത്തിൽ അങ്ങുന്നിങ്ങോളമുള്ള പ്രധാന പട്ടണങ്ങളെ കേന്ദ്രീകരിച്ചു നടന്ന വാർഷിക സമ്മേളനങ്ങൾ സംഘത്തിന്റെ ആശയഗതികൾ ജനങ്ങളിലെത്തിക്കാൻ ഏറെ സഹായകമായി. 'മുസ്‌ലിം ഐക്യം' എന്ന പേരിൽ സംഘം നടത്തിയിരുന്ന പത്രവും പൗരോഹിത്യത്തിന്റെ ദുഷ്ടലാക്കുകളിൽനിന്ന് ജനങ്ങളെ പിന്തിരിപ്പിക്കാൻ കഠിനയത്നം നടത്തി. കേരള ജംഇയ്യത്തുൽ ഉലമാ എന്ന പേരിൽ അക്കാലത്തെ പ്രാമാണികരായ പണ്ഡിത പ്രമുഖരുടെ വേദിക്ക് രൂപംനൽകാൻ കഴിഞ്ഞത് ഐക്യസംഘത്തിന്റെ ഏറ്റവും വലിയ നേട്ടമാണ് ഐക്യസംഘം ദുർബലമായി നിഷ്ക്രമിച്ച ശേഷവും ജംഇയ്യത്തുൽ ഉലമാ എന്ന പണ്ഡിത സംഘടന അതിജീവിച്ചു. നീണ്ട ഒരു ഇടവേളയിൽ മറ്റു സംഘടനകൾ രംഗത്തുവരുന്നതു വരെ ഈ പണ്ഡിത സഭ കേന്ദ്രീകരിച്ചാണ് കേരളത്തിലെ മുസ്‌ലിം ജനസാമാന്യം നീങ്ങിയത്.

മതവിഷയങ്ങളും സാമൂഹിക പ്രശ്നങ്ങളും മാത്രം കൈകാര്യം ചെയ്തിരുന്ന ഐക്യസംഘം കേരളത്തിലെ പ്രക്ഷുബ്ധമായ രാഷ്ട്രീയാന്തരീക്ഷത്തിൽ നിസ്സംഗത കൈക്കൊണ്ടു. സ്വാതന്ത്ര്യസമര പ്രസ്ഥാനവുമായി ബന്ധപ്പെട്ടിരുന്ന പലരിലും ഇത് അരോചകമുളവാക്കാതിരുന്നില്ല. മതഭക്തനും പുരോഗമനവാദിയുമായിരുന്ന മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് ഉദാഹരണം. ഐക്യസംഘവുമായി സഹകരിച്ചു പ്രവർത്തിക്കുകയും വാർഷിക സമ്മേളനങ്ങളിൽ പതിവായി പങ്കെടുക്കുകയും ചെയ്തിരുന്ന അദ്ദേഹം ഒരിക്കലും ഐക്യസംഘത്തിൽ അംഗത്വമെടുത്തില്ല. ഐക്യസംഘത്തെ രാഷ്ട്രീയത്തിൽ ഇടപെടീക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമം പരാജയപ്പെട്ടത് നേരത്തേ പറഞ്ഞല്ലോ.

അതേസമയം അന്നത്തെ സാഹചര്യം മുൻനിർത്തി സാമ്പത്തിക രംഗത്ത് ചില പരിഷ്കരണ

ങ്ങൾക്ക് ഐക്യസംഘം മുതിർന്നത് ഏറെ വിവാദങ്ങൾക്കിടയാക്കി. സലഫീ പ്രസ്ഥാനത്തിന്റെ ചരിത്രകാരനായ ഇ. മൊയ്തു മൗലവി ആ സംഭവം രേഖപ്പെടുത്തുന്നു: "ഐക്യസംഘക്കാർ രാഷ്ട്രീയ കാര്യങ്ങളിൽനിന്നകന്നു നിന്നിരുന്നുവെങ്കിലും മുസ്‌ലിമീങ്ങളുടെ സാമ്പത്തിക സ്ഥിതി നന്നാക്കിതീർക്കേണ്ടതിനെപ്പറ്റി അവർ ഗാഢമായി ആലോചിച്ചു. ഒരു ബാങ്ക് സ്ഥാപിച്ചു. പലിശ ഏർപ്പാട് നടത്തുന്നത് മതദൃഷ്ട്യാ അനുവദനീയമാണോ എന്ന് കണ്ടുപിടിക്കാൻ ജനാബ് കെ.എം മൗലവി (തിരൂരങ്ങാടി) മുതലായ ചില പണ്ഡിതന്മാരെ ഭരമേൽപിച്ചു. അവർ *രിസാലത്തുൻ ഫിൽ ബങ്കി* എന്ന പേരിൽ അറബി-മലയാളത്തിൽ പുസ്തകമെഴുതി പ്രസിദ്ധപ്പെടുത്തി. ആ ചെറുഗ്രന്ഥവും അതിനെ അനുകൂലിച്ച് സീതി സാഹിബ് തന്റെ പത്രാധിപത്യത്തിൽ നടന്നിരുന്ന 'ഐക്യം' പത്രത്തിൽ എഴുതിയ മുഖലേഖനങ്ങളും ബാങ്ക് സ്ഥാപനവേളയിലും മറ്റും ചെയ്ത പ്രസംഗങ്ങളും വലിയ ഒച്ചപ്പാടുകളും കോലാഹലങ്ങളും ഉണ്ടാക്കിത്തീർത്തു. എന്റെ കൂട്ടുകാരൻ മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് - ഇ. മൊയ്തുമൗലവി, പേ. 199).

മലബാർ കലാപത്തെത്തുടർന്ന് മുസ്‌ലിംകൾ നേരിട്ട കടുത്ത ദാരിദ്ര്യവും സാമ്പത്തിക തകർച്ചയുമാണ് ഇത്തരമൊരു സാമ്പത്തിക പരിഷ്കരണത്തെക്കുറിച്ച് ചിന്തിക്കാൻ സംഘത്തിന്റെ നേതാക്കളെ പ്രേരിപ്പിച്ചത്. ഒരുഭാഗത്ത് പട്ടിണിയും പരിവട്ടവും. മറുഭാഗത്ത് നിൽക്കക്കള്ളിക്കുവേണ്ടി ക്രിസ്ത്യൻ -ഹിന്ദു വിഭാഗങ്ങൾ നടത്തുന്ന ബാങ്കുകളിൽനിന്ന് പണം കടമെടുത്ത് അവരുടെ ചൂഷണത്തിനു വിധേയമാകുന്ന ദുഃസ്ഥിതി. ഇതിനൊരു പരിഹാരമെന്ന നിലക്ക് ഒരു മുസ്‌ലിം ബാങ്കോ പരസ്പര സഹായസംഘമോ ഉണ്ടായിരിക്കണമെന്ന് ചിലർ ആലോചിച്ചു. അപ്പോഴാണ് ബാങ്കിന്റെ അനിവാര്യതയായ പലിശയുടെ പ്രശ്നം വരുന്നത്. ഈ വിഷയം പൂർവികരായ പണ്ഡിതരുടെ അഭിപ്രായങ്ങൾ മുന്നിൽ വച്ച് നടത്തിയ ഇജ്തിഹാദിന്റെ ഫലമായിരുന്നു 1929 ഏപ്രിൽ 13-ാം തീയതി എറിയാട് മുഹ്‌യിദ്ദീൻ പ്രസ്സിൽ അച്ചടിച്ച *രിസാലത്തുൻ ഫിൽ ബങ്കി* എന്ന ലഘുലേഖ. "രണ്ടു ദോഷങ്ങളിൽനിന്ന് ഏതെങ്കിലും ഒന്നിനെ സ്വീകരിക്കാതെ മതിയാവില്ലെന്നു വന്നാൽ അഖഫ്ഫിനെ (ലഘുവായത്) എടുത്ത് അശദ്ദിൽ (കടുത്തത്) നിന്ന് രക്ഷപ്പെടണമെന്ന് ഇസ്‌ലാമിലെ ഖാഇദഃ(നിയമം)യനുസരിച്ചാണ് ഈ രിസാല എഴുതിയിട്ടുള്ളത്. എന്നുവെച്ചാൽ കബീറത്തായ(വമ്പിച്ച) പലിശയിൽനിന്ന് രക്ഷ കിട്ടാൻവേണ്ടി മുഖ്തലിഫ് ഫീഹിയായ (ഭിന്നാഭിപ്രായമുള്ള) ഹീലത്തുർരിബാ സ്വീകരിച്ചതാണ്" എന്ന് തുടക്കത്തിൽ തന്നെ പറയുന്നുണ്ട്. രിബന്നസീഅത്ത്, രിബൽഫദ്ൽ എന്നീ പലിശയിനങ്ങളെക്കുറിച്ച് ഖുർആനും സുന്നത്തും മദ്ഹബിന്റെ ഇമാമുകളടക്കമുള്ളവരുടെ അഭിപ്രായങ്ങളും വിലയിരുത്തിയ ശേഷം സംഘത്തിന്റെ പണ്ഡിതന്മാർ ഒരു മുസ്‌ലിം ബാങ്കിനുള്ള ഫോർമുല സമർപ്പിച്ചു:

"മുമ്പ് വിവരിച്ചവയിൽനിന്ന് തർശീഹിന്റെ(ഹാശിയത്തുഫത്ഹിൽ മുഈൻ) വാക്കിനെ തഖ്‌ലീദ് ചെയ്തു(അനുകരിച്ചു)കൊണ്ടാണ് ഞങ്ങളുടെ അഭിപ്രായത്തെ രൂപീകരിക്കുന്നത്. അതായത് ഒരു മുസ്‌ലിം ബാങ്ക് സ്ഥാപിക്കുക. അതിൽനിന്ന് കടം വാങ്ങുന്ന ഓരോരുത്തനും ഒരു ക്ലിപ്ത സംഖ്യ നേർച്ചയാക്കുക. ഇങ്ങനെ വരുമ്പോൾ കടക്കാരിൽനിന്നും ബാങ്കിലേക്ക് കിട്ടുന്ന ആദായം പലിശയാവുകയില്ല. ഇത് ഹീലത്തുർരിബായാണെന്നുള്ള ഒരു സംഗതി മാത്രമേ പറയാനുള്ളൂ." (രിസാലത്തുൻ ഫിൽ ബങ്കി, പേ. 33, 34).

എന്നാൽ ഈ വാദഗതികളും തദടിസ്ഥാനത്തിൽ നടന്ന ബാങ്ക് രൂപീകരണവും ഐക്യസംഘത്തിന്റെ സഹയാത്രികരെപ്പോലും ആശയക്കുഴപ്പത്തിലാക്കി. അവരിൽ പലരും ഇതിനെ എതിർത്ത് പരാജയപ്പെടുത്താൻ രംഗത്തുവന്നു. മൊയ്തുമൗലവി വിവരിക്കുന്നു: "അബ്ദുർറഹ്മാൻ സാഹിബിന്റെയും *അൽ അമീന്റെ*യും എതിർപ്പ് ബാങ്കിന്റെ നടത്തിപ്പിനെ സാരമായി ബാധിച്ചു. സീതി, മണപ്പാട്ടു കുഞ്ഞിമുഹമ്മദ് ഹാജി മുതലായവർ ഷെയർ വിൽക്കാനായി മലബാറിൽ പര്യടനം നടത്തി. ചിലർ അവരുടെ സരസമായ പ്രസംഗങ്ങൾ കേട്ട് മയങ്ങി ഓഹരികൾ സ്വീകരിച്ചുവെങ്കിലും അൽ അമീന്റെ മുഖപ്രസംഗം വെളിക്ക് വന്നതോടുകൂടി ഐക്യസംഘം നേതാക്കൾ നിരാശരായി മടങ്ങിപ്പോവേണ്ടി വന്നു. ഒന്നാം ഗഡുവിന് പണം അടച്ചവർ അടച്ച പണം മടക്കിത്തരേണ്ടതില്ലെന്നും രണ്ടാമത്തെ ഗഡുവിന് ആവശ്യപ്പെടരുതെന്നും പറഞ്ഞു ഒഴിഞ്ഞു. സമുദായത്തെ അഭിവൃദ്ധിപ്പെടുത്താനുള്ള മാർഗം അല്ലാഹു കഠിനമായി വിരോധിച്ചിരിക്കുന്ന പലിശ ഹലാലാക്കുകയോ? എന്ന പ്രകാരമാണ് കോഴിക്കോട്ടെ ചില പ്രബലന്മാർ സീതി സാഹിബിനും മണപ്പാടനും കൊടുത്ത മറുപടി" (എന്റെ കൂട്ടുകാരൻ - പേജ്. 200). "കെ.എം മൗലവി സാഹിബ് മുതലായവർ രിസാലത്തുൻ ഫിൽ ബങ്കി എന്ന ഒരു ചെറുഗ്രന്ഥം ബാങ്ക് ഏർപ്പാടിനെ അനുകൂലിച്ചു കൊണ്ട് പ്രസിദ്ധപ്പെടുത്തി. ഞങ്ങളുടെ ഭാഗത്തുനിന്ന് അതിനെ നിശിതമായി വിമർശിക്കുകയുണ്ടായി. അങ്ങനെ ഐക്യസംഘത്തിന്റെ പ്രവർത്തനങ്ങൾ നിലക്കുകയാണുണ്ടായത്. (മൗലവിയുടെ ആത്മകഥ, പേ. 125, 126). ഐക്യസംഘം കേരള മുസ്‌ലിം മജ്‌ലിസിൽ ലയിച്ചുവെങ്കിലും കോൺഗ്രസ്സ്-ലീഗ് ഭിന്നിപ്പു മൂലം ചുരുങ്ങിയ കാലത്തിനകം മജ്‌ലിസും നിശ്ചലമായി. പിന്നീട്

1950-ൽ കേരള നദ്‌വത്തുൽ മുജാഹിദീൻ രൂപവൽക്കരിക്കപ്പെടുന്നതുവരെ കേരളാടിസ്ഥാനത്തിൽ ഇസ്‌ലാഹീ പ്രവർത്തകർക്കായി ഒരു ബഹുജനസംഘടനയുണ്ടായിരുന്നില്ല. കേരള ജംഇയ്യത്തുൽ ഉലമ സജീവമാകുകയും അതു പ്രചരിപ്പിക്കുന്ന ആശയങ്ങളുടെ വക്താക്കളായി പ്രാദേശികതലങ്ങളിൽ ഒറ്റപ്പെട്ട ചില സംഘടനകളും സ്ഥാപനങ്ങളും പ്രവർത്തിച്ചുവന്നുവെന്ന് മാത്രം.

**കേരള നദ്‌വത്തുൽ മുജാഹിദീൻ**

കേവല പണ്ഡിതസംഘടനയായിരുന്ന കേരള ജംഇയ്യത്തുൽ ഉലമായിൽ പൊതുജനങ്ങളെ അംഗങ്ങളായി ചേർക്കാനാവില്ലെന്നതിനാൽ അവർക്ക് അണിനിരക്കാൻ കഴിയുന്ന ഒരു അഖില കേരള സംഘടനയുണ്ടാക്കാൻ 1947 ഏപ്രിൽ 12-ന് ചേർന്ന ജംഇയ്യത്തുൽ ഉലമയുടെ വർക്കിംഗ് കമ്മിറ്റി തീരുമാനിക്കുകയും അതിനായി ഏഴംഗ കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. പിന്നെയും മൂന്നു വർഷം കഴിഞ്ഞ് 1950-ൽ കമ്മിറ്റിയംഗങ്ങളായിരുന്ന എ.കെ അബ്ദുല്ലത്വീഫ് മൗലവി, എൻ.വി അബ്ദുസ്സലാം മൗലവി, എം. കുഞ്ഞോയി വൈദ്യർ എന്നിവരും കെ.എം മൗലവി, പി.കെ മൂസാ മൗലവി എന്നിവരും വിളിച്ചുചേർത്ത യോഗത്തിൽ വെച്ചാണ് കേരള നദ്‌വത്തുൽ മുജാഹിദീൻ രൂപംകൊള്ളുന്നത്. പ്രഥമയോഗത്തിൽ തന്നെ 24 പേർ പ്രതിജ്ഞചെയ്ത് അംഗത്വം സ്വീകരിച്ചു. തുടർന്ന് കെ.എം മൗലവി (പ്രസി.), പി.കെ മൂസാ മൗലവി, വി. സെയ്തുഹാജി (വൈ. പ്രസി.), എൻ.വി അബ്ദുസ്സലാം മൗലവി (സെക്ര.), എ.കെ അബ്ദുല്ലത്വീഫ് മൗലവി (അസി. സെക്ര.), എം. കുഞ്ഞോയി വൈദ്യർ (ഖജാൻജി) എന്നിവർ ഭാരവാഹികളായി 13 അംഗ പ്രവർത്തക സമിതി രൂപവൽക്കരിച്ചു. വിവിധ കാലഘട്ടങ്ങളിൽ കെ.എം മൗലവി, പി.കെ മൂസാ മൗലവി, ശൈഖ് മുഹമ്മദ് മൗലവി, കൊല്ലങ്കണ്ടി മമ്മുഹാജി, സാലെ മുഹമ്മദ് ഇബ്റാഹീം സേട്ട്, കെ.എ സുലൈമാൻ എന്നിവർ പ്രസിഡന്റുമാരായും എൻ.വി അബ്ദുസ്സലാം മൗലവി, എ.കെ അബ്ദുല്ലത്വീഫ് മൗലവി, എം. അഹ്‌മദ്കുഞ്ഞി ഹാജി, കെ.വി മുഹമ്മദ് മൗലവി എന്നിവർ സെക്രട്ടറിമാരായും സംഘടനയെ നയിച്ചു. 1984-ൽ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഡോ. എം ഉസ്മാൻ സാഹിബ് ഇപ്പോഴും സ്ഥാനത്ത് തുടരുന്നു. എ.പി അബ്ദുൽഖാദിർ മൗലവിയാണ് ഇപ്പോൾ സെക്രട്ടറി. 1967 സെപ്റ്റംബർ 17-ന് മുജാഹിദ് യുവജനവിഭാഗമായി ഇത്തിഹാദുശ്ശുബ്ബാനിൽ മുജാഹിദീനും (ഐ.എസ്എം) 1972-ൽ വിദ്യാർഥി വിഭാഗമായി മുജാഹിദ് സ്റ്റുഡന്റ്സ് മൂവ്മെന്റും (എം.എസ്.എം) നിലവിൽ വന്നു. വനിതാ വിഭാഗമായ മുജാഹിദ് ഗേൾസ് മൂവ്മെന്റ് (എം.ജി.എം) 1987 സെപ്റ്റംബർ 8-നാണ് നിലവിൽ വന്നത്.

ഐക്യസംഘത്തിന്റെയും ജംഇയ്യത്തുൽ ഉലമായുടെയും ചുവടുപിടിച്ച് നദ്‌വത്തും വാർഷികസമ്മേളനങ്ങൾ സംഘടിപ്പിക്കാറുണ്ട്. വിവിധ പോഷകസംഘടനകളും ഗ്രൂപ്പുകളുമായി *അൽ മനാർ, ശബാബ്, സൽസബീൽ, ആശയസമന്വയം, പുടവ* തുടങ്ങിയ ആനുകാലികങ്ങൾ പ്രസിദ്ധീകരിച്ചു വരുന്നു. കുട്ടികൾക്കായി ബാലകൗതുകം മാസികയും എം.എസ്.എം മുഖപത്രമായി ഇഖ്റഉം പുറത്തിറക്കിയിരുന്നു.